# താഴ്മയെ ധരിക്കുന്നവരാകുക

## 1 പത്രോസ് 5:5

''എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ, ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.''

നമ്മുടെ കർത്താവായ യേശുക്രിസ്തു സ്വർഗ്ഗീയമഹത്വം വിട്ടിറങ്ങി ഈ താണഭൂമിയിൽ വന്നത് നമ്മെയെല്ലാം പാപക്കുഴിയിൽനിന്നും രക്ഷിച്ച് സ്വർഗ്ഗീയസ്ഥലങ്ങളിൽ ഇരുത്തുവാനാണല്ലോ. ഇവിടെ കർത്താവ് തന്നെത്താൻ താഴ്ത്തി തന്റെ പിതാവിന്റെ തിരുഹിതം നിറവേറ്റുവാൻ ക്രൂശിലെ മരണത്തോളം അനുസരണയുള്ളവനായിത്തീർന്നു. താഴ്മ ഇല്ലെങ്കിൽ ദൈവസന്നിധിയിൽ നിലനിൽക്കുവാൻ സാധ്യമല്ല എന്ന് നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം. കർത്താവ് തന്നെത്താൻ താഴ്ത്തിയപ്പോൾ പിതാവ് അവനെ തന്റെ വലത്തു ഭാഗത്തിരുത്തി സകലത്തിനും മേലധികാരിയാക്കിവച്ചു.

കർത്താവ് സൗമ്യതയും താഴ്മയും ഉള്ളവനാണെന്ന് മത്തായി എഴുതിയ ലേഖനത്തിൽ നമുക്ക് വായിക്കുവാൻ കഴിയും. ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണല്ലോ താഴ്മ. നമ്മുടെയും ജീവിതത്തിൽ വിവിധ സാഹചര്യങ്ങളിലൂടെ കടന്ന പോകുമ്പോൾ നമുക്കൊന്ന് ക്ഷമിക്കുവാൻ, താഴുവാൻ, വിട്ടു കൊടുക്കുവാൻ ഒക്കെ സാധിക്കുന്നുണ്ടോ? മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരായി കാണുവാൻ കഴിയുന്നുണ്ടോ? നമുക്ക് സ്വയം ഒന്നു ശോധന ചെയ്യാം. നിഗളം എന്ന ദുഷ്ടപിശാചിനെ നമുക്ക് വേരൊടെ പിഴുതെറിയാം. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാം. ഒരു തീരുമാനം ദൈവസന്നിധിയിൽ എടുക്കാം. ഞാൻ കുറയേണം കർത്താവ് എന്നിൽ വളരേണം എന്നുള്ള പ്രാർത്ഥനയോടെ അവിടുത്തെ ബലമുള്ള കരത്തിൻ കീഴിൽ താണിരിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പരാമർശം :**

**സദൃശവാക്യങ്ങൾ 22:4**

**താഴ്മക്കും യഹോവഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു.**

**അശ്വതി ബിനു ഏറ്റുമാനൂർ 004**